


## വിചിന്തനം

സെപ്റ്റംബർ 2023

വി. പാദ്രേ പിയോയെക്കുറിച്ചുള്ള സിനിമയിലെ മനോഹരമായ ഒരു രംഗം. സെമിനാരിയിൽ ചേരാൻ വരുന്ന യുവാവിനെക്കണ്ടു രണ്ടു വൈദികർ പരസ്പരം പറയുകയാണ്, 'ഇതാണ് ഫ്രാൻസിസ് ചെയ്ത ഏറ്റവും വലിയ അത്ഭുതം. 800 വർഷങ്ങൾക്കുശേഷവും അദ്ദേഹം യുവാക്കളെ ആകർഷിച്ചുകൊണ്ടേയിരിക്കുന്നു.
'ഫ്രാൻസിസിനാൽ ആകർഷിക്കപ്പെട്ട ക്ലാരയും ആന്റണിയും ബോണവെഞ്ചറും കോൾബേയും പാദ്രെ പിയോയുമൊക്കെ ദാഹിക്കുന്നവനെ അരുവിയാക്കുമെന്ന (യോഹ 7, 37) വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്. ലളിതമായ വരകളിൽ കോറിയിട്ട ഫ്രാൻസിസിന്റെ ഒരു ചിത്രം ഇന്നും നമ്മുടെ ഹൃദയത്തെ കാന്തമെന്ന പോലെ ആകർഷിക്കുന്നത് ഈ അത്ഭുതത്തിന്റെ തുടർച്ചയാണ്.

യേശുവിനുവേണ്ടി സമ്പത്തും സമയവും പാഴാക്കിയ തനിക്കെതിരേ, പിതാവ് മെത്രാന്റെ മുൻപിൽ കുറ്റമാരോപിക്കുമ്പോൾ ഉടുത്തിരുന്ന വസ്ത്രം പോലും ശാന്തനായി അഴിച്ചു മാറ്റി ഒരു ചാക്കെടുത്തു ധരിച്ചു മുട്ടുകുത്തി ആകാശത്തേക്ക് കൈകൾ നീട്ടിക്കൊണ്ടു ഫ്രാൻസിസ് ഇങ്ങനെ പറഞ്ഞു, 'ഇത്രനാൾ ഞാൻ പീറ്റർ ബെർണാഡിനെ 'അപ്പാ' യെന്നു വിളിച്ചു. ഇനി എനിക്ക് വിളിക്കാൻ സ്വർഗത്തിലെ അപ്പൻ മാത്രമേ ഉള്ളൂ.' അപ്പായെന്നു സ്വർഗ്ഗത്തിലെ ദൈവത്തെ വിളിച്ചു തുടങ്ങിയ അസ്സീസിയിലെ ഫ്രാൻസിസിനെ ലോകം രണ്ടാമത്തെ ക്രിസ്തുവെന്നു വിളിക്കാൻ തുടങ്ങി.

ആരൊക്കെ സ്വർഗത്തിലെ അപ്പനെ കണ്ടുമുട്ടിയിട്ടുണ്ടോ അവരുടെയൊക്കെ ചക്രവാളങ്ങൾ ഇനി സ്വന്തം കാൽച്ചുവട്ടിലെ ഇത്തിരി വട്ടത്തിലൊതുങ്ങുന്നില്ല. മനുഷ്യവർഗത്തെ മാത്രമല്ല പ്രപഞ്ചത്തെ തന്നെ സ്നേഹംകൊണ്ട് സ്വന്തമാക്കാൻ അവർ പഠിക്കുകയാണ്. ഓരോ ജീസസ് യൂത്തും ഇതുപോലൊരു ദൈവാനുഭവത്തിന്റെ മൂശയിലാണ് രൂപപ്പെട്ടത്. മനസ്സലിഞ്ഞ് ഓടിവന്നു കെട്ടിപ്പിടിക്കാൻ കാത്തുനിൽക്കുന്ന ഒരപ്പന്റെ സ്നേഹാനുഭവത്തിലേക്ക് വീണ്ടും സ്നാനപ്പെടാൻ ഫ്രാൻസിസ് നമ്മെ നിർബന്ധിക്കുന്നുണ്ട്. സ്നേഹിക്കാൻ പരാജയപ്പെടുന്ന ഓരോ നിമിഷവും ഈ അനുഭവം നമ്മെ കാത്തിരിക്കുന്നു, രൂപപ്പെടുത്തുന്നു.

'നിങ്ങൾ വലിയ സുന്ദരനൊന്നുമല്ല, പ്രസംഗചാതുര്യവുമില്ല എങ്കിലും നിങ്ങളെ തേടി മനുഷ്യരൊക്കെ വരുന്നതെങ്ങിനെ'യാണെന്ന ലിയോയുടെ ചോദ്യം ഓരോ യുവജനനേതാവിനുമുള്ള പാഠപുസ്തകമാണ്. ക്രിസ്തുവിനോടു ചേർന്നുനിൽക്കുന്ന ഹൃദയവും അവനിലേക്കുമാത്രം നയിക്കുന്ന മനസ്സുമാണ് 'ഉഷസ്സിന്റെ ഉദരത്തിൽനിന്നു മഞ്ഞെന്നപോലെ യുവാക്കൾ നിന്റെ അടുത്തേക്കു വരും' (സങ്കീ 110,3) എന്ന വചനം പൂർത്തിയാക്കാനുള്ള നിബന്ധനയെന്ന് ഫ്രാൻസിസ് നമ്മെ ഓർമിപ്പിക്കുന്നു. നൈമിഷിക സുഖങ്ങളിലും 'ഞാൻ വിശ്വസിക്കുന്നതാണ് ശരി'യെന്ന നുണയിലും ജീവിക്കുന്ന യുവതയുടെ മുൻപിൽ നാം പതറി നിൽക്കുമ്പോൾ, ചരിത്രത്തിലെ ഏറ്റവുമധികം യുവാക്കളെ ആകർഷിച്ച നസ്റത്തിലെ തച്ചന് ഇന്നും അത് നമ്മിലൂടെ സാധിക്കുമെന്ന പ്രത്യാശ ഫ്രാൻസിസ് പകർന്നു തരുന്നു.

റോമൻ സാമ്രാജ്യത്വത്തിന്റെ തിളങ്ങുന്ന അധികാരക്കുപ്പായം ധരിച്ച സഭയ്ക്ക് കാലുകഴുകുന്ന ക്രിസ്തുവിന്റെ മുഖച്ഛായ നഷ്ട്ടപ്പെട്ടപ്പോൾ അടിത്തറ ഇളകിത്തുടങ്ങി. ഇന്നസെന്റ് പാപ്പാ കണ്ട സ്വപ്നം ഒരു ചാക്കുവസ്ത്രധാരി അതിനെ താങ്ങി നിറുത്തുന്നതാണ്. കുറ്റപ്പെടുത്തലിന്റെയും പരിഹാസത്തിന്റെയും ഭാഷയ്ക്കു പകരം ക്രിസ്തുവിന്റെ പള്ളി പണിയാൻ തെരഞ്ഞെടുക്കപ്പെട്ടവനാണെന്ന ബോധ്യം എന്നും ഫ്രാൻസിസിനെ ഭരിച്ചിരുന്നു. സഭയുടെ കുറവുകളിൽ സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും മാർഗത്തിലൂടെ മാറ്റം കൊണ്ടുവരാൻ ഈ സാധാരണക്കാരന് കഴിഞ്ഞു. സഭയിലെ കുറവുകൾ മൂലം അവളെ ഉപേക്ഷിച്ചു പോകാനും കല്ലെറിയാനും നമ്മൾ പ്രേരിതരാകുമ്പോൾ, ഓരോ കല്ലും വച്ച് അതിനെ പണിതുയർത്തിയ ഫ്രാൻസിസിന്റെ മാതൃക നമുക്ക് ചേർത്തു പിടിക്കാം.

ഒരു ജീവിതം മുഴുവൻ നൽകി രൂപപ്പെടുത്തിയ തന്റെ സന്യാസസഭയിൽ പിന്നീടുണ്ടായ എതിർപ്പുകളും തന്റെ സ്വപ്നങ്ങളിൽ നിന്ന് അടർന്നുമാറി പോകുന്നുവല്ലോ എന്ന തോന്നലുകളും 'സകലതും വിശ്വസിക്കുകയും സകലതും പ്രത്യാശിക്കുകയും സകലത്തെയും അതിജീവിക്കുകയും' (1 കോറി 13,7) ചെയ്യുന്ന സ്നേഹത്തെ ഒന്നുകൂടി ഊതിക്കാച്ചാനുള്ള പുത്തൻ വിളിയായി ഫ്രാൻസിസ് സ്വീകരിച്ചു. സന്യാസസഭയിൽ സാധാരണ അംഗത്തെപ്പോലെ ജീവിച്ചും സഭാധികാരികളെ അനുസരിച്ചും പഴയ ആനന്ദത്തോടെ മുന്നോട്ടു നീങ്ങിയ ഫ്രാൻസിസ്, ചെറിയ കാര്യങ്ങളിൽ പോലും മർക്കടമുഷ്ടി പിടിക്കുകയും 'ഞാനൊരുക്കിയ വഴിയേ എല്ലാവരും എന്നും പോകണം' എന്നു നിർബന്ധം പിടിക്കുകയും ചെയ്യുന്ന നമ്മുടെ തന്നിഷ്ടങ്ങളെ വെല്ലുവിളിക്കുന്നു.

ജീസസ് യൂത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വി. ഫ്രാൻസിസ് അസീസി കാലം തെളിയിച്ച ആ 'യുവജന ശുശ്രൂഷ'യുടെ മാതൃക ഇപ്പോഴും മുറുകെപ്പിടിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ഓർമപ്പെടുത്തുകയാണ്. ജീസസ് യൂത്ത് മുന്നേറ്റം നാലു പതിറ്റാണ്ടിലേക്കെത്തുമ്പോൾ ,1 കോറി 13ൽ പറയുന്ന സ്നേഹാഗ്നി സ്വീകരിച്ചയുവതീയുവാക്കളാണ്, അവർ കൊളുത്തിയ സ്നേഹജ്വാലയാണ് മുന്നേറ്റത്തെ കാലികപ്രസക്തമാക്കിയതെന്നു മറക്കാതിരിക്കാം. യഥാർഥ സ്നേഹത്തിന്റെ മാറ്റിന് തിളക്കമേറുന്ന ഈ കാലത്ത്, നമ്മുടെ വാക്കുകളും പ്രവൃത്തികളും ലോകം മുഴുവൻ എത്തിക്കുന്ന ടെക്നോളജിയുടെ കാലത്ത്, വി. ഫ്രാൻസിസ് നമ്മെ വെല്ലുവിളിക്കുന്നു: 'ഉഷസ്സിന്റെ ഉദരത്തിൽനിന്നു മഞ്ഞെന്നതുപോലെ യുവാക്കൾ നിന്റെ അടുത്തേക്കു വരും'. വി. ഫ്രാൻസിസിൽ ഈ വാഗ്ദാനം പൂർത്തിയായതു പോലെ ഓരോ ജീസസ് യൂത്തിലും ഇതു നിവൃത്തിയാകാൻ നമുക്കാഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. വി. ഫ്രാൻസിസിന്റെ ജീവിതമാതൃക നിരന്തരം അനുകരിക്കാം.

ഫാ. ഷോജി വെച്ചൂർക്കരോട്ട്

അഞ്ചൽ സെന്റ് ജോൺസ് കോളജ് പ്രിൻസിപ്പൽ.
കേരള ജീസസ് യൂത്ത് കൗൺസിലിന്റെ മുൻ ചാപ്ലെൻ